# പർദയും ഇസ്‌ലാമിന്റെ മഴവിൽ സമൂഹവും

പ്രതികരണം ● ബഷീർ ഉളിയിൽ

**വസ്ത്രധാരണത്തിന്റെ** ഇസ്‌ലാമിക കാഴ്ചപ്പാടിനെക്കുറിച്ച എ.പി കുഞ്ഞാമുവിന്റെ കത്ത് (ലക്കം 36) ഇസ്‌ലാമിക വേഷം, മുസ്‌ലിം സ്വത്വം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പ്രസക്തമായ ചില ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. പരമ്പരാഗതമായി മുസ്‌ലിം സമൂഹത്തിൽ അടിയുറച്ച വിശ്വാസാചാരങ്ങൾക്ക് ശർഈ പരിവേഷം നൽകപ്പെടുകയും അതുവഴി ഒരു ബഹുസ്വര സമൂഹത്തിൽ ഒറ്റതിരിഞ്ഞ് നിൽക്കേണ്ടിവരികയും ചെയ്യുന്ന മുസ്‌ലിം സമൂഹത്തിന്റെ ദുരവസ്ഥയാണ് കത്തിൽ വിശദീകരിച്ചത്.

സാമ്പ്രദായികാർഥത്തിൽ ഒരു മതം എന്നു പോലും പറയാൻ കഴിയാത്ത ശക്തമായ രാഷ്ട്രീയ സാമൂഹിക സദാചാര കാര്യങ്ങൾ പ്രതിപാദിക്കുന്ന ഇസ്‌ലാമിലും മറ്റേതൊരു വ്യവസ്ഥയിലുമെന്ന പോലെ നിയമങ്ങളും നിരോധങ്ങളുമുണ്ട്. അവ പ്രത്യക്ഷരം ദൈവികമാണെന്ന് നൂറ്റാണ്ടുകളായി അതിന്റെ അനുയായികൾ നിസ്സന്ദേഹം വിശ്വസിക്കുന്നു. അതിലേറെ പേർ അതിനെ പഴഞ്ചനെന്നും അപ്രായോഗികമെന്നും പറഞ്ഞ് തിരസ്കരിക്കുന്നു. വേറെ ചിലർ അതിന്റെ അനുകർത്താക്കളായിരിക്കെ മൗലികമായ പരിഷ്കരണം വേണമെന്ന് 'ആത്മാർഥമായി' ആഗ്രഹിക്കുന്നു. സമകാലിക മുസ്‌ലിം സമൂഹത്തിന്റെ ഇടപെടലുകളും ഇടപാടുകളും വേഷഭൂഷാദികളും ചൂണ്ടിക്കാട്ടി ശരീഅത്ത് തന്നെയാണ് വില്ലനെന്നും അതിൽ മൗലിക മാറ്റം വേണമെന്ന് വാദിക്കുന്നവരുമുണ്ട്. വസ്ത്രധാരണത്തെ കുറിച്ച കുഞ്ഞാമുവിന്റെ കുറിപ്പ് ഈയൊരു പശ്ചാത്തലത്തിലാണ് പ്രസക്തമാവുന്നത്. ഏതൊരു വ്യവസ്ഥയെ കുറിച്ചും അതിനു പുറത്തുള്ളവർക്ക് പ്രാഥമിക ധാരണകൾ നൽകുന്നത് അതിന്റെ അനുയായികളുടെ ചെയ്തികളാണെന്നത് നേരുതന്നെ. ഇസ്‌ലാമും അതിൽനിന്ന് ഭിന്നമാകേണ്ടതില്ല. പക്ഷേ, നടപ്പുരീതികൾ തന്നെയാണ് അതിന്റെ നിയമമെന്നും കേട് വിത്തിന് തന്നെയാണെന്നുമുള്ള മട്ടിലുള്ള വിധിതീർപ്പുകൾ സന്തുലിതമായ സമീപനമല്ല.

പ്രവാചകജീവിതത്തിൽ സുന്നത്തും (ചര്യ) ആദത്തും (നാട്ടുനടപ്പുകൾ) ഉണ്ട്. ആറാം നൂറ്റാണ്ടിലെ അറേബ്യൻ സമൂഹത്തിന്റെ വേഷവിധാനങ്ങളിൽനിന്നും വസ്ത്രധാരണാ രീതികളിൽനിന്നും മാറിനിൽക്കാൻ 'അവരിലെതന്നെ' ഒരു പ്രവാചകന് സാധിക്കുമായിരുന്നില്ല. അഥവാ പ്രവാചകന്റെ വേഷവും ഭാഷയും അക്കാലത്തെ സാധാരണ അറബികളുടെ വേഷവും ഭാഷയും തന്നെയായിരുന്നു. ഇതാണ് ഇസ്‌ലാമിക കർമശാസ്ത്രത്തിൽ 'ആദത്ത്' കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ആദത്തുകൾ അനുധാവനം ചെയ്യാൻ അനുചരന്മാരോട് പ്രവാചകൻ കൽപിച്ചിട്ടില്ല. പിൽക്കാല പണ്ഡിതർ പ്രോത്സാഹിപ്പിച്ചിട്ടുമില്ല. ഇസ്‌ലാമിലെ നിർബന്ധ കർമങ്ങൾക്കപ്പുറം പ്രവാചകൻ നിർദേശിച്ചതും ചെയ്തു കാണിച്ചു തന്നതുമായ നല്ല കാര്യങ്ങളാണ് സുന്നത്ത്. സുന്നത്ത് ഐഛികമാണ്. സുന്നത്തിൽ തന്നെ പ്രബലമായതും അല്ലാത്തതുമുണ്ട്. സമൂഹത്തിനു ഭാരമാവാതിരിക്കാനാണ് അങ്ങനെ ആയത് എന്നത് പ്രവാചകൻ തന്നെ പഠിപ്പിച്ചതുമാണ്. "എന്റെ സമുദായത്തിനു ഭാരമാവുകയില്ലായിരുന്നുവെങ്കിൽ ഓരോ നമസ്കാര വേളയിലും പല്ല് തേക്കാൻ ഞാൻ കൽപിക്കുമായിരുന്നു" എന്ന ഹദീസ് ഉദാഹരണം. എങ്കിലും പ്രവാചക പാത അനുപാദം പിൻപറ്റാൻ താൽപര്യപ്പെടുന്നവർ സുന്നത്തുകൾ മുഴുവൻ അനുഷ്ഠിക്കുന്നു. അപ്പോഴും ഒരു നിർബന്ധ കർമമെന്ന നിലക്ക് മറ്റു മുസ്‌ലിംകളുടെ മേൽ അവ അടിച്ചേൽപിക്കാൻ ആർക്കും അവകാശമില്ല. നിർഭാഗ്യവശാൽ നിലവിലുള്ള മുസ്‌ലിം സമൂഹത്തിൽ നബിയുടെ ആദത്ത് പോലും സുന്നത്താക്കുകയും അത് പിൻപറ്റാത്തവർ മതത്തിന് പുറത്താണെന്ന ധാരണ പരത്തുകയുമാണ് ചെയ്യുന്നത്. ഫലത്തിൽ ഇസ്‌ലാമെന്നാൽ വേഷങ്ങളും വേഷംകെട്ടലുകളും അതിനെ ചുറ്റിപ്പറ്റിയുള്ള ചർച്ചകളുമായി ചുരുങ്ങുകയും ചെയ്യുന്നു.

ഇസ്‌ലാമിക ശരീഅത്തിന്റെ ഈ ഇലാസ്തികതയാണ് ഭിന്നവിരുദ്ധങ്ങളായ മദ്ഹബുകൾക്ക് പോലും ജന്മം നൽകിയത്. കാലദേശങ്ങൾക്കും സാമൂഹികാവസ്ഥകൾക്കും അനുസൃതമായി മൗലിക പ്രമാണങ്ങളിൽ ഊന്നിനിന്നു കൊണ്ട് പണ്ഡിതന്മാർ ഗവേഷണം ചെയ്ത് കണ്ടെത്തിയ ഈ നിയമങ്ങൾക്ക് പ്രാമാണികതയുമുണ്ട്. കേരളീയ മുസ്‌ലിംകളിൽ മഹാഭൂരിപക്ഷം പിന്തുടരുന്ന ശാഫിഈ മദ്ഹബുകളിൽതന്നെ രണ്ട് വീക്ഷണധാരകളുണ്ട്; പഴയതും പുതിയതും. ഇറാഖിൽ പഴയ നിയമങ്ങളും ഈജിപ്തിൽ പുതിയ നിയമങ്ങളുമാണ് ശാഫിഈ മദ്ഹ

ബുകാർ അംഗീകരിച്ചത്എന്നും ചരിത്രം പറയുന്നു. ഇമാം ശാഫിഈയെ പോലുള്ള പണ്ഡിതന്മാരെ മാതൃകയാക്കി ഒരു 'ഭാരതീയ ഫിഖ്ഹ്' രൂപപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പ്രവാചകൻ അക്കാലത്തെ അറേബ്യയിലെ ഏറ്റവും നല്ല വേഷമാണ് ധരിച്ചത് എന്നതിനാൽ കേരളീയമായ മുണ്ടും കുപ്പായവും അണിയുന്നതാണ് മലയാളികളുടെ സുന്നത്ത് എന്ന് വായിച്ചെടുക്കുന്നത് ഇസ്ലാമിക പരിപ്രേക്ഷ്യത്തിൽ ഒരു കേരളീയ ഫിഖ്ഹ് ആണ്. ലോകം കേരളത്തോളം ആഗോളീകരിക്കപ്പെടുകയും പാന്റ്സും ഷർട്ടും സാർവത്രികമാവുകയും ചെയ്യുമ്പോൾ കുഞ്ഞാമുവിന്റെ കുറിപ്പിൽ പറഞ്ഞ മൗലവിയുടെ സഫാരിയേക്കാൾ അശ്ലീലമാവുക മുണ്ടും കുപ്പായവുമായിരിക്കും. പ്രശ്നം കാഴ്ചയുടേതല്ല; കാഴ്ചപ്പാടിന്റേതാണ്. കാലത്തിനനുസരിച്ച് കോലംകെട്ടണമെന്നത് ചിലപ്പോഴെങ്കിലും പോസിറ്റീവ് ആയി എടുക്കുകയാണ് ബുദ്ധി. പ്രവാചക ശിക്ഷണത്തിൽ വളർത്തപ്പെട്ടത് വൈവിധ്യങ്ങളുടെ ഒരു 'മഴവിൽ സമൂഹമാണെ'ന്നാണ് ബിലാലിന്റെയും സുഹൈലിന്റെയും സൽമാന്റെയും(റ) ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. ചാന്ദ്ര മാസം കാലനിർണയത്തിനു പാധിയാക്കിയതിലൂടെ ആഘോഷങ്ങളിൽ മാത്രമല്ല, അനുഷ്ഠാന സമയങ്ങളിൽ പോലും ഒരു മഴവിൽ സമൂഹം എന്ന ആശയമാണ് ഇസ്ലാം മുന്നോട്ടുവെക്കുന്നത്. ദൈവം ഒന്നേയുള്ളൂവെന്നും ലോകാരംഭം മുതൽ ഭൂമിയിൽ ആഗതരായ സകല പ്രവാചകന്മാരുടെയും വഴി മാത്രമാണ് ഇഹപര മോചന മാർഗമെന്നുമുള്ള മൗലിക തത്ത്വങ്ങൾ പഠിപ്പിച്ച പ്രവാചകൻ തന്നെ ചര്യകളുടെ വിശദാംശങ്ങളിൽ പലപ്പോഴും ശരികളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിട്ടുണ്ട്. ജെഫ്രി ലാംഗിനെ പോലുള്ളവർ ഇത് വിശദീകരിച്ചിട്ടുണ്ട്. തങ്ങൾ ജീവിക്കുന്ന സമൂഹത്തിൽ ഏറ്റവും നന്നായി വസ്ത്രംധരിക്കുകയും മാന്യമായി ഇടപെടുകയും നീതിയോടെ വർത്തിക്കുകയും ചെയ്യുക എന്നതാണ് പ്രവാചക ചര്യ. ആറാം നൂറ്റാണ്ടിലെ വേഷവിധാനങ്ങൾ സുന്നത്തെന്ന മട്ടിൽ പിന്തുടരുകയും അതേ സമയം ജീവിത വ്യവഹാരങ്ങളിൽ കൊള്ളരുതായ്മകൾ ചെയ്യുകയും സ്ത്രീകളോടും നീതരോടും അനീതി കാണിക്കുകയും ചെയ്യുന്ന അനിസ്ലാമികത ലാംഗ് ചോദ്യം ചെയ്യുന്നു.

'പർദ'യെന്ന മുസ്ലിം സ്ത്രീവേഷമാകട്ടെ സ്ത്രീ സ്വാതന്ത്ര്യത്തിനുമേൽ ഇസ്ലാം അണിയിച്ച കറുത്ത മൂടുപടമെന്ന നിലക്കാണ് വിമർശന വിധേയമാകുന്നത്. പർദ എന്നത് യഥാർഥത്തിൽ ഒരു വസ്ത്രത്തിന്റെ പേരല്ല. പർദ എന്ന ഉർദു പദത്തിന്റെ സമാന അറബി പദം ഹിജാബ് എന്നാണ്. മറക്കുക എന്നാണതിന്റെ അർഥം. സ്ത്രീയും പുരുഷനും മറക്കേണ്ട ശരീര ഭാഗങ്ങൾ ഏതൊക്കെയാണെന്ന് ഇസ്ലാമിക ശരീഅത്തിൽ നിർദേശങ്ങളുണ്ട്. അവ കർശനമാണ് താനും. മുണ്ടും കുപ്പായവും പോലെ സാരിയും ചുരിദാറും ഇസ്ലാമിക വേഷങ്ങളാകുന്നതിൽ ശരീഅത്തിൽ വിലക്കുകൾ ഉണ്ടാവേണ്ടതില്ല. യഥാർഥത്തിൽ, പേർഷ്യയിൽനിന്ന് ഗൾഫ് നാടുകളിലേക്കും പിന്നീട് നമ്മുടെ നാട്ടിലേക്കും പ്രചരിച്ച ഒരു ഫാഷൻ വസ്ത്രം മാത്രമാണ് പർദയെന്ന പേരിൽ പ്രചരിച്ച കറുത്ത വസ്ത്രം. കമ്പോളതന്ത്രങ്ങളാണ് അതിന് വിശുദ്ധി ചാർത്തിയത്. ഇസ്ലാമിലോ ആദ്യകാല അറേബ്യൻ സമൂഹത്തിലോ ഇങ്ങനെ ഒരു 'കറുപ്പ്' അടയാളപ്പെടുത്തപ്പെട്ടിട്ടില്ല. ■

basheeruliyil@hotmail.com